**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് ലാബ് പ്രോജക്ട് - സംസ്ഥാനത്തെ 1359 പ്രൈമറി സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ കൈറ്റ് മുഖാന്തിരം ഐ.സി.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.4978/2019/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 20.11.2019

പരാമർശം:-
1. 13.11.18 ലെ സ.ഉ(സാധാ)നം.4743/18/പൊ.വി.വ.
2. 04.10.19 ലെ കിഫ്ബി സി.ഇ.ഒ യുടെ ജിഇഡി001-01/എപിആർ-2/2019/കിഫ്ബി നം.നടപടിക്രമം.
3. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04.10.19 ലെ കൈറ്റ്/2019/1631(35) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കൈറ്റ് മുഖാന്തിരം കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനായി കൈറ്റ് സമർപ്പിച്ച വിശദമായ പദ്ധതി രേഖ (Detailed Project Report) യ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, പരാമർശം (2) ലെ കിഫ്ബ് പ്രൊസീഡിംഗ്സ് പ്രകാരം 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) അനുവദിക്കുകയും ചെയ്തിരുന്നു.

കുട്ടികളുടെ കുറവ് കാരണവും ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത മൂലവും ഭരണാനുമതി ലഭിച്ച വിശദമായ പദ്ധതി രേഖയിൽ 1359 പ്രൈമറി സ്കൂളുകളെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും എന്നാൽ നിലവിൽ പ്രസ്തുത സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയിട്ടുള്ളതോടൊപ്പം കുട്ടികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഹൈടെക് ലാബ് പ്രോജക്ടിന്റെ ഭാഗമായി 1359 പ്രൈമറി സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ ഐ.സി.ടി ഉപകരണങ്ങൾ വിന്യസിക്കാവുന്നതും അതോടൊപ്പം ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കാവുന്നതുമാണെന്നും സി.ഇ.ഒ, കൈറ്റ് റിപ്പോർട്ട് ചെയ്തിരുന്നതോടൊപ്പം 1359 പ്രൈമറി സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ ലാപ്ടോപ്പ്, പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ വിശദമായ പദ്ധതി രേഖ (Detailed Project Report) യിൽ ഉൾപ്പെടാതിരുന്ന 1359 പ്രൈമറി സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ ലാപ്ടോപ്പ്, പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിന് പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് സമർപ്പിച്ച 9.45 കോടി (ഒൻപത് കോടി നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ വിശദമായ പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സി.ഇ.ഒ., കൈറ്റ്, തിരുവനന്തപുരം

സി.ഇ.ഒ., കിഫ്ബി, രണ്ടാം നില, ഫെലിസിറ്റി സ്ക്വയർ, സ്റ്റാച്യു, പാളയം, തിരുവനന്തപുരം

സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം